കേരള ശാസ്ത്ര-സാങ്കേതിക മ്യൂസിയത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പരിപാടികൾ

15 (*555) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസത്തിന്റെ മികവ് വർദ്ധിപ്പിക്കുന്നതിനായി കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ നേതൃത്വത്തിൽ എന്തൊക്കെ പരിപാടികളാണ് നടപ്പിലാക്കിവരുന്നത് ;

(ബി) ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ പുതിയ റീജിയണൽ സെന്ററുകൾ സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്ഥാപിച്ചിട്ടുണ്ട് ;

(സി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഇത്തരം റീജിയണൽ സെന്ററുകൾ സ്ഥാപിക്കുന്നത് ;

(ഡി) എന്തൊക്കെ പ്രവർത്തനങ്ങൾ ആണ് ഈ സെന്ററിലൂടെ നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) സംസ്ഥാനത്തെ ശാസ്ത്രസാങ്കേതിക വിദ്യാഭ്യാസത്തിന്റെ മികവ് വർദ്ധിപ്പിക്കുന്നതിനായി കേരള ശാസ്ത്ര-സാങ്കേതിക മ്യൂസിയത്തിൽ താഴെപ്പറയുന്ന സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു.

(1) സി.വി. രാമൻ സെന്റർ ഫോർ ബേസിക് ആസ്ട്രോണമിയും അതോടൊപ്പം 11 ഇഞ്ച് ടെലസ്കോപ്പോടുകൂടിയ ഒബ്സർവേറ്ററിയും ഒരു സ്മാർട്ട് ക്ളാസ് റൂമും ;

(2) ഒരു ഹാം റേഡിയോ സ്റ്റേഷനും അതോടൊപ്പം ഹാം റേഡിയോ പ്രവർത്തനത്തിന്റെ ഡമോൺസ്ട്രേഷനും അതിനോടനുബന്ധിച്ച് പരിശീലന ക്ളാസ്സുകളും ;

(3) 5000-ത്തിലധികം ശാസ്ത്ര പുസ്തകങ്ങളും 60-ലധികം ശാസ്ത്ര ജേർണലുകളും ഗാർഡൻ റീഡിംഗ് സംവിധാനങ്ങളും ഇന്റർനെറ്റ് കണക്ടിവിറ്റിയുമുള്ള ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു ഗ്രന്ഥശാല ;

(4) കുട്ടികൾക്ക് സയൻസ് ലളിതമായും എളുപ്പത്തിലും മനസ്സിലാക്കാനുതകുന്ന ഒരു സയന്റിഫിക് ടോയ് സെന്റർ ;

(5) നാസയുമായി കരാർ ഒപ്പിട്ടതിന്റെ അടിസ്ഥാനത്തിൽ ഹബിൾ ടെലസ്കോപ്പും അതോടൊപ്പം, ജ്രയിംസ് വെബ് ടെലസ്കോപ്പും എടുക്കുന്ന ചിത്രങ്ങളും ശാസ്ത്ര-സാങ്കേതിക മ്യൂസിയത്തിൽ അതാത് ദിവസങ്ങളിൽ ലഭ്യമാക്കി പ്രദർശിപ്പിക്കാനുതകുന്ന നവീന സംവിധാനങ്ങൾ ;

LIBRARY ARCHIVES Kerala Legislative Assembly

(6) കുട്ടികൾക്ക് സയൻസ് ഡ്രാമ, സാങ്കേതിക പ്രദർശനങ്ങൾ, യോഗങ്ങൾ മുതലായവ കൂടാൻ ഒരു പരിസ്ഥിതി സൗഹൃദ ആംഫി തിയേറ്റർ ;

(7) കുട്ടികളെ സ്കൂളിലും കോളേജിലും നേരിട്ട് ചെന്ന് ശാസ്ത്രത്തിൽ പ്രത്യേകിച്ച് ജ്യോതിശാസ്ത്രത്തിൽ അഭിരുചി വളർത്തുന്നതിനായി വീഡിയോ ക്ളാസ്സുകളും പ്രദർശനങ്ങളും പരീക്ഷണ നിരീക്ഷണങ്ങളും നടത്തുവാനായി 2 മൊബൈൽ സയൻസ് ബസ്സുകളും ആസ്ട്രോവാനും ഒരുക്കിയിട്ടുണ്ട് ;

(8) വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഭൗതികശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്രം, ഗണിതശാസ്ത്രം എന്നീ അടിസ്ഥാന ശാസ്ത്ര വിഷയങ്ങളിൽ പരീക്ഷണം നടത്താനുള്ള ലബോറട്ടറി സംവിധാനം.

(ബി) പുതിയ റീജിയണൽ സെന്ററുകൾ സ്ഥാപിക്കാൻ വേണ്ടി കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ പദ്ധതികൾ തയ്യാറാക്കിവരുന്നു. അമ്പലപ്പുഴ യിൽ ആലപ്പുഴ ജില്ലാപഞ്ചായത്തിന്റെ സഹായത്തോടെ കഴിഞ്ഞമാസം ലഭ്യമായ സ്ഥലത്ത് പ്രാരംഭനിർമ്മാണ പ്രവർത്തനങ്ങളുടെ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ചാലക്കുടിയിൽ സ്ഥലം അനുവദിച്ചുകിട്ടാനുള്ള നടപടികൾ പൂർത്തിയായിവരുന്നു. സ്ഥലം ഏറ്റെടുക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും. തൃശൂരിൽ കേന്ദ്ര സഹായത്തോടെ ഒരു സയൻസ് സിറ്റി നിർമ്മിക്കാൻ വേണ്ട 30 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുള്ളത് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(സി) സംസ്ഥാനത്ത് അമ്പലപ്പുഴയിലും ചാലക്കുടിയിലും റീജിയണൽ സെന്ററുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) റീജിയണൽ സയൻസ് സെന്ററുകളിൽ ശാസ്ത്രം പൊതു ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാവുന്ന രീതിയിൽ ഗ്യാലറികൾ, മിനി ഒബ്സർവേറ്ററിയും ടെലസ്കോപ്പുകളും, മിനി പ്ളാനറ്റേറിയം, സയൻസ് പാർക്കുകൾ, അടിസ്ഥാന ശാസ്ത്ര പരീക്ഷണത്തിനായുള്ള ലബോറട്ടറികൾ, പരിഷ്കൃത ഗ്രന്ഥശാലകൾ, വർക്ക്ഷോപ്പുകൾ, എഡ്യൂസാറ്റ് ഉൾപ്പെടുന്ന സ്മാർട്ട് ക്ളാസ് റൂമുകൾ, ത്രീഡി തിയറ്ററുകൾ, ടാലന്റ് ഡവലപ്മെന്റ് കേന്ദ്രങ്ങൾ, അക്കേറിയം, ലേസേറിയം എന്നിവ നടപ്പിലാക്കാനുദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly